**മധുരമായ കുട്ടികളേ, നിങ്ങൾ ബാബയുടെ അടുത്ത് റിഫ്രെഷ് ആകുന്നതിനാണ് വന്നിരിക്കുന്നത്, ബാബയേയും സമ്പത്തിനേയും ഓർമ്മിക്കു എങ്കിൽ സദാ റിഫ്രെഷായിരിക്കും.**

**ചോദ്യം** – വിവേകശാലികളായ കുട്ടികളുടെ മുഖ്യമായ അടയാളങ്ങൾ എന്തായിരിക്കും?
**ഉത്തരം** – ആരാണോ വിവേകശാലിയായിരിക്കുന്നത് അവർക്ക് അളവില്ലാത്ത സന്തോഷമുണ്ടാകും. അഥവാ സന്തോഷമില്ലെങ്കിൽ വിഡ്ഢിയായിരിക്കും. വിവേകശാലി അർത്ഥം പവിഴബുദ്ധി ആകുന്നവർ. അവർ മറ്റുള്ളവരേയും പവിഴബുദ്ധികളാക്കി മാറ്റും. ആത്മീയ സേവനത്തിൽ തല്പരരായിരിക്കണം. ബാബയുടെ പരിചയം കൊടുക്കാതെ അവർക്ക് ഇരിക്കാൻ സാധിക്കില്ല.

**ഓം ശാന്തി**. ബാബയിരുന്ന് മനസ്സിലാക്കി തരുകയാണ്, ഈ ദാദയും മനസ്സിലാക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ ദാദയിലൂടെയാണ് ബാബ മനസ്സിലാക്കി തരുന്നത്. എങ്ങനെയാണോ നിങ്ങൾ മനസ്സിലാക്കുന്നത് അതുപോലെ തന്നെയാണ് ഈ ദാദയും മനസ്സിലാക്കുന്നത്. ദാദയെ ഭഗവാനാണ് എന്ന് പറയില്ല. ഇത് ഭഗവാനുവാചയാണ്. മുഖ്യമായും ദേഹിഅഭിമാനിയാകാനാണ് ബാബ മനസ്സിലാക്കി തരുന്നത്. ഇത് എന്തുകൊണ്ടാണ് പറയുന്നത്? എന്തുകൊണ്ടെന്നാൽ സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കുന്നതിലൂടെ നമ്മൾ പതിത പാവനനായ പരമപിതാ പരമാത്മാവിലൂടെ പാവനമായി തീരും. ഈ ജ്ഞാനം നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഞങ്ങൾ പതിതരാണ് എന്ന് പറഞ്ഞാണ് വിളിക്കുന്നത് ഇതും എല്ലാവർക്കും മനസ്സിലാക്കി കൊടുക്കണം. പുതിയ ലോകം തീർച്ചയായും പാവനമായിരിക്കും. പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നത്, നിർമ്മിക്കുന്നത് ബാബയാണ്. ബാബയെ ആണ് പതിത പാവനാ എന്ന് പറഞ്ഞ് വിളിക്കുന്നത്. പതിത പാവനാ എന്നതിനോടൊപ്പം പിതാവ് എന്നും പറയുന്നുണ്ട്. ആത്മാക്കളാണ് ബാബയെ വിളിക്കുന്നത്. ശരീരം വിളിക്കുന്നില്ല. ആത്മാക്കളുടെ അച്ഛൻ പാരലൗകിക അച്ഛനാണ്, ആ അച്ഛൻ തന്നെയാണ് പതിത പാവനൻ. ഇതെല്ലാം നല്ല രീതിയിൽ ഓർമ്മയുണ്ടാകണം. ഇത് പുതിയ ലോകമാണോ അതോ പഴയ ലോകമാണോ എന്നതും നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുമല്ലോ. ഞങ്ങൾക്ക് ഈ ലോകത്തിൽ അപാര സുഖമാണ് എന്ന് മനസ്സിലാക്കുന്ന വിഡ്ഢികളുമുണ്ട്. അവർ സ്വർഗ്ഗത്തിലാണ് എന്നാണ് ചിന്തിക്കുന്നത്. പക്ഷെ കലിയുഗത്തെ ഒരിക്കലും സ്വർഗ്ഗമാണെന്ന് പറയാൻ കഴിയില്ല എന്നത് അവർക്ക് മനസ്സിലാക്കി കൊടുക്കണം. കലിയുഗം, പഴയതും പതിതവുമായ ലോകം എന്നതാണല്ലോ പേര്. ഈ വ്യത്യാസം പോലും മനുഷ്യരുടെ ബുദ്ധിയിൽ ഇരിക്കുന്നില്ല. തീർത്തും ജീർണ്ണിച്ച അവസ്ഥയിലാണ്. കുട്ടികൾ പഠിക്കുന്നില്ലെങ്കിൽ അവരെ കല്ലുബുദ്ധി എന്ന് പറയാറുണ്ടല്ലോ. ബാബ പറയുകയാണ് നിങ്ങളുടെ കൂടെയുള്ള ഗ്രാമീണരും തീർത്തും കല്ലുബുദ്ധികളാണ്. അവർ മനസ്സിലാക്കുന്നില്ല എന്തുകൊണ്ടെന്നാൽ നിങ്ങൾ അവർക്ക് മനസ്സിലാക്കി കൊടുക്കുന്നില്ല. സ്വയം പവിഴബുദ്ധിയായി മാറുന്നുവെങ്കിൽ തീർച്ചയായും മറ്റുള്ളവരേയും പവിഴബുദ്ധികളാക്കി മാറ്റും. പുരുഷാർത്ഥം ചെയ്യണം. ഇതിൽ ലജ്ജിക്കേണ്ട കാര്യമില്ല. പക്ഷെ മനുഷ്യരുടെ ബുദ്ധിയിൽ അരകല്പമായി തലകീഴായ ശബ്ദങ്ങൾ ഇരിക്കുന്നതിനാൽ അവർക്ക് അത് മറക്കാൻ സാധിക്കുന്നില്ല. എങ്ങനെയാണ് മറക്കുക? മറപ്പിക്കാനുള്ള ശക്തിയും ഒരു ബാബയുടെ അടുത്തേ ഉള്ളു. ബാബക്കല്ലാതെ ഈ ജ്ഞാനം വേറെ ആർക്കും തരാൻ സാധിക്കില്ല. അതായത് എല്ലാവരും അജ്ഞാനികളാണ്. ഏതു വരെ ജ്ഞാന സാഗരനായ ബാബ വന്ന് മനസ്സിലാക്കി തരുന്നില്ലയോ അതു വരെ അവർക്ക് ഈ ജ്ഞാനം എവിടെ നിന്ന് കിട്ടാനാണ്? തമോപ്രധാനം അർത്ഥം അജ്ഞാനികളുടെ ലോകമാണ്. സതോപ്രധാനം അർത്ഥം ദേവതകളുടെ ലോകം എന്നാണ്. വ്യത്യാസമുണ്ടല്ലോ. ദേവി ദേവതകൾ തന്നെയാണ് പുനർജന്മം എടുത്തത്. സമയവും കറങ്ങിക്കൊണ്ടിരിക്കുകയാണ്. ബുദ്ധിയും ദുർബലമായിക്കൊണ്ടിരിക്കുന്നുണ്ട്. ബുദ്ധിയോഗം വെക്കുന്നതിലൂടെ ഏതൊരു ശക്തിയാണോ പ്രാപ്തമാകുന്നത് പിന്നീട് അതും ഇല്ലാതാകുന്നു.
ഇപ്പോൾ ബാബ മനസ്സിലാക്കി തരുകയാണ് നിങ്ങൾ എത്ര റിഫ്രെഷ് ആയി മാറുന്നു. നിങ്ങൾ റിഫ്രെഷ് ആയിരുന്നു അതോടൊപ്പം വിശ്രമത്തിലായിരുന്നു. ബാബയും എഴുതാറുണ്ട് – കുട്ടികൾ ബാബയുടെ അടുത്ത് വരുകയും റിഫ്രെഷ് ആകുകയും വിശ്രമിക്കുകയും ചെയ്യട്ടെ. റിഫ്രെഷ് ആയതിനു ശേഷം നിങ്ങൾ സത്യയുഗമാകുന്ന വിശ്രമപുരിയിലേക്ക് പോകും. അവിടെ നിങ്ങൾക്ക് വളരെയധികം വിശ്രമം കിട്ടും. അവിടെ സുഖവും ശാന്തിയും സമ്പത്തും എല്ലാം നിങ്ങൾക്ക് കിട്ടും. അതുകൊണ്ട് റിഫ്രെഷ് ആകാൻ ബാബയുടെ അടുത്താണ് വരുന്നത്, വിശ്രമിക്കുന്നതിനും. വിശ്രമിക്കുക അർത്ഥം ശാന്തിയിലിരിക്കുക. ക്ഷീണിക്കുമ്പോൾ വിശ്രമിക്കാറില്ലേ. എവിടെയെല്ലാമാണ് വിശ്രമത്തിനു വേണ്ടി പോകാറുള്ളത്. അതിലാണെങ്കിൽ പുത്തനുണർവ്വിന്റെ കാര്യമൊന്നുമില്ല. ഇവിടെ ബാബ ദിവസവും നിങ്ങൾക്ക് മനസ്സിലാക്കി

തരുന്നുണ്ട് അതുകൊണ്ടാണല്ലോ ദിവസവും ഇവിടെ വന്ന് നിങ്ങൾ റിഫ്രഷ് ആകുന്നത്. ഓർമ്മയിലിരിക്കുന്നതിലൂടെ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകും. നിങ്ങൾ സതോപ്രധാനമാകുന്നതിനാണ് ഇവിടെ വന്നിരിക്കുന്നത്. അതിനു വേണ്ടി എന്ത് പുരുഷാർത്ഥമാണ് ചെയ്യേണ്ടത്? മധുരമധുരമായ കുട്ടികളേ ബാബയെ ഓർമ്മിക്കൂ. ബാബ മുഴുവൻ പഠിപ്പും നൽകി കഴിഞ്ഞു. എങ്ങനെയാണ് ഈ സൃഷ്ടി ചക്രം കറങ്ങുന്നത്, നിങ്ങൾക്ക് എങ്ങനെയാണ് വിശ്രമം കിട്ടുന്നത് എല്ലാം മനസ്സിലാക്കി തന്നു കഴിഞ്ഞു. മറ്റാർക്കെങ്കിലും ഈ കാര്യങ്ങൾ അറിയില്ലെങ്കിൽ അവർക്ക് മനസ്സിലാക്കി കൊടുക്കണം, അതിലൂടെ അവരും നിങ്ങളെ പോലെ റിഫ്രഷ് ആകട്ടെ. എല്ലാവർക്കും സന്ദേശം കൊടുക്കുക എന്നതും നിങ്ങളുടെ കടമയാണ്. അവിനാശിയായ റിഫ്രഷ് ആകുന്നതിനാണ് നിങ്ങൾ ഇവിടെ വരുന്നത്. അവിനാശിയായ വിശ്രമത്തിനാണ് വന്നിരിക്കുന്നത്. എല്ലാവർക്കും ഈ സന്ദേശം കൊടുക്കണം. ബാബയേയും സമ്പത്തിനേയും ഓർമ്മിക്കാൻ എല്ലാവരോടും പറയണം. ഇതാണെങ്കിൽ വളരെ സഹജമായ കാര്യമാണ്. പരിധിയില്ലാത്ത ബാബ സ്വർഗ്ഗം രചിക്കുകയാണ്. സ്വർഗ്ഗത്തിന്റെ സമ്പത്താണ് തരുന്നത്. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിലാണ്. മായയുടെ ശാപത്തെക്കുറിച്ചും ബാബയുടെ സമ്പത്തിനെ കുറിച്ചും നിങ്ങൾക്ക് അറിയാം. ഇപ്പോൾ മായാരാവണന്റെ ശാപം കിട്ടിയാൽ നിങ്ങൾക്ക് കിട്ടാൻ പോകുന്ന പവിത്രതയും സുഖവും ശാന്തിയും ധനവുമെല്ലാം ഇല്ലാതാകും. എങ്ങനെയാണ് പതുക്കെ പതുക്കെ ഇല്ലാതാകുന്നത് – ഇതും ബാബ മനസ്സിലാക്കി തരുന്നുണ്ട്. എത്ര ജന്മങ്ങൾ കൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നത് ഇതും നിങ്ങൾക്കറിയാം. ദുഖധാമത്തിൽ ഒരിക്കലും വിശ്രമം ഉണ്ടാകില്ല. സുഖധാമത്തിൽ വിശ്രമം തന്നെ വിശ്രമമായിരിക്കും. മനുഷ്യരെ ഭക്തി എത്ര ക്ഷീണിപ്പിച്ചു. ജന്മജന്മാന്തരങ്ങളായി ഭക്തി ക്ഷീണിപ്പിക്കുകയായിരുന്നു. നിങ്ങളെ ദരിദ്രരാക്കി. ഇതും ബാബയാണ് നിങ്ങൾക്ക് മനസ്സിലാക്കി തരുന്നത്. പുതിയവർ വരുമ്പോൾ എത്ര മനസ്സിലാക്കി കൊടുക്കേണ്ടി വരുന്നു. ഓരോ കാര്യത്തെക്കുറിച്ചും മനുഷ്യർ ധാരാളം ചിന്തിക്കാറുണ്ട്. എന്തെങ്കിലും മായാജാലമൊന്നുമല്ലല്ലോ എന്ന് അവർ ചിന്തിക്കുകയാണ്. എന്നാൽ നിങ്ങൾ എന്നെ മായാജാലക്കാരൻ എന്ന് തന്നെയല്ലേ പറയുന്നത്. അതിനാൽ ഞാനും പറയുകയാണ് – ഞാൻ മായാജാലക്കാരനാണ്, പക്ഷെ പോത്തിനെയോ ആടിനെയോ സൃഷ്ടിക്കുന്ന മായാജാലമൊന്നുമല്ല ഞാൻ ചെയ്യുന്നത്. നിങ്ങൾ മൃഗങ്ങളൊന്നുമല്ലല്ലോ. ഇതെല്ലാം ബുദ്ധി ഉപയോഗിച്ച് മനസ്സിലാക്കേണ്ടതാണ്. പാട്ടും ഉണ്ട്, ദേവസഭയിലെ വാദ്യസംഗീതങ്ങൾ..... ഈ സമയത്ത് മനുഷ്യർ ഓന്തിനു സമാനമായി മാറിയിരിക്കുന്നു. ഇതെല്ലാം ഇവിടുത്തെ കാര്യങ്ങളാണ്, സത്യയുഗത്തിൽ പാടുകയില്ല, ഇത് ഈ സമയത്തെ ഗീതമാണ്. ചണ്ഡികാ ദേവിയുടെ എത്ര മേളകളെല്ലാം ചെയ്യാറുണ്ട്. ചോദിക്കൂ അത് ആരായിരുന്നു? ദേവിയാണ് എന്ന് പറയും. എന്നാൽ ഇങ്ങനെയുള്ള പേരൊന്നും അവിടെ ഉണ്ടാകില്ല. സത്യയുഗത്തിൽ എപ്പോഴും ശുഭമായ നാമങ്ങളെ ഉണ്ടാകുള്ളു. ശ്രീ രാമചന്ദ്രൻ, ശ്രീകൃഷ്ണൻ.... ശ്രേഷ്ഠമായവരെയാണ് ശ്രീ എന്ന് പറയാറുള്ളത്. സത്യയുഗി സമ്പ്രദായത്തെയാണ് ശ്രേഷ്ഠം എന്ന് പറയുന്നത്. കലിയുഗത്തിലെ വികാരി സമ്പ്രദായത്തെ എങ്ങനെയാണ് ശ്രേഷ്ഠമായത് എന്ന് പറയുക. ശ്രീ അർത്ഥം ശ്രേഷ്ഠമായത്. ഇപ്പോഴത്തെ മനുഷ്യരൊന്നും ശ്രേഷ്ഠരല്ല. മനുഷ്യനിൽ നിന്നും ദേവത.......... എന്നെല്ലാം പാടാറുണ്ട് പിന്നെ ദേവതയിൽ നിന്നും മനുഷ്യനുമാകും എന്തുകൊണ്ടെന്നാൽ അവർ പഞ്ചവികാരങ്ങളിലേക്ക് പോകും. രാവണ രാജ്യത്തിൽ എല്ലാം മനുഷ്യർ തന്നെയാണ്. എന്നാൽ സത്യയുഗത്തിലുള്ളത് ദേവതകളാണ്. അത് ദേവതകളുടെ ലോകമാണ്, ഇതാണെങ്കിൽ മനുഷ്യരുടെ ലോകമാണ്. ദേവതകളുടെ ലോകത്തെയാണ് പകൽ എന്ന് പറയുന്നത്. മനുഷ്യരുടെ ലോകത്തിനെയാണ് രാത്രി എന്നും പറയുന്നത്. പകൽ എന്ന് പറയുന്നത് പ്രകാശത്തെയാണ്. അജ്ഞാന അന്ധകാരത്തെയാണ് രാത്രി എന്ന് പറയുന്നത്. ഈ വ്യത്യാസത്തെ നിങ്ങൾക്കറിയാം. ഞങ്ങൾ മുമ്പ് ഒന്നും മനസ്സിലാക്കിയിരുന്നില്ല എന്നതും നിങ്ങൾ അറിഞ്ഞു. ഇപ്പോൾ എല്ലാ കാര്യങ്ങളും ബുദ്ധിയിലുണ്ട്. രചയിതാവിന്റെയും രചനയുടെയും ആദി മദ്ധ്യ അന്ത്യത്തെ കുറിച്ച് ഋഷി മുനിമാരോട് ചോദിച്ചാൽ അത് ഞങ്ങൾക്ക് അറിയില്ല എന്ന് പറയും. ഇപ്പോൾ നിങ്ങൾക്ക് അറിയാം മുമ്പ് നിങ്ങളും നാസ്തികരായിരുന്നു. പരിധിയില്ലാത്ത ബാബയെ അറിയുമായിരുന്നില്ല. അവിനാശിയും സർവ്വ ആത്മാക്കളുടേയും അച്ഛനാണിത്. നിങ്ങൾക്ക് അറിയാം ഒരിക്കലും നശിക്കാത്ത അച്ഛന്റെ കുട്ടികളായി മാറിയിരിക്കുകയാണ്. ഇവിടെ എല്ലാവരും ശരീരങ്ങളെ കത്തിക്കാറുണ്ട്, രാവണന്റെ കോലവുമുണ്ടാക്കി കത്തിക്കാറുണ്ട്. എന്നാലും ആത്മാവിനെ കത്തിക്കാൻ ആർക്കും സാധിക്കില്ല. ബാബ ഗുപ്തമായ ജ്ഞാനം തന്റെ കുട്ടികൾക്ക് കേൾപ്പിച്ചു തരുകയാണ്, ഈ ജ്ഞാനം കേവലം ബാബയുടെ അടുത്ത് മാത്രമെ ഉള്ളു. ആത്മാവിലാണ് ഈ ഗുപ്ത ജ്ഞാനം ഉള്ളത്. ആത്മാവും ഗുപ്തമാണ്. ആത്മാവാണ് ഈ മുഖത്തിലൂടെ സംസാരിക്കുന്നത് അതുകൊണ്ടാണ് ബാബ പറയുന്നത് – കുട്ടികളെ ദേഹാഭിമാനി ആകരുത്. ആത്മാഭിമാനിയാകൂ. ഇല്ലെങ്കിൽ തലകീഴായവരാകും. സ്വയം ആത്മാവാണ് എന്നതും മറന്നു പോകും. ഡ്രാമയുടെ രഹസ്യം നല്ല രീതിയിൽ മനസ്സിലാക്കണം. ഡ്രാമയിൽ എന്താണോ അടങ്ങിയിട്ടുള്ളത് അത് വീണ്ടും ആവർത്തിക്കപ്പെടും. ഇത് ആർക്കും അറിയില്ല. ഡ്രാമയനുസരിച്ച് ഓരോ നിമിഷവും എങ്ങനെയാണ് നടന്നു കൊണ്ടിരിക്കുന്നത് ഈ ജ്ഞാനവും നിങ്ങളുടെ ബുദ്ധിയിലുണ്ട്. ആകാശത്തിന്റെ

അറ്റം കണ്ടു പിടിക്കാൻ ആർക്കും സാധിക്കില്ല. ഭൂമിയുടെത് സാധിക്കും. ആകാശം സൂക്ഷ്മമാണ്, എന്നാൽ ഭൂമി സ്ഥൂലമാണ്. ചില സാധനങ്ങളുടെ അറ്റം കണ്ടു പിടിക്കാൻ സാധിക്കില്ല. നോക്കിയാൽ ആകാശം തന്നെ ആകാശമാണ് അല്ലെങ്കിൽ പാതാളം തന്നെ പാതാളമാണെന്ന് പറയാറുണ്ടല്ലോ. ശാസ്ത്രങ്ങളിൽ കേട്ടിട്ടുണ്ടല്ലോ, അതുകൊണ്ട് മുകളിൽ പോയി നോക്കാറുമുണ്ട്. അവിടെയും താമസിക്കാൻ കഴിയുമോ എന്നും നോക്കുന്നുണ്ട്. ധാരാളം സ്ഥലങ്ങൾ മനുഷ്യർ വസിക്കുന്നതായി ഉണ്ടല്ലോ. ഭാരതത്തിൽ എന്ന് ഒരേ ഒരു ആദി സനാതന ദേവി ദേവതാ ധർമ്മമുണ്ടായിരുന്നോ അന്ന് വേറെ ഒരു ഖണ്ഡവും ഉണ്ടായിരുന്നില്ല. പിന്നീട് ഏതെല്ലാം ധർമ്മങ്ങൾ വന്നു കഴിഞ്ഞു. നിങ്ങൾ ചിന്തിച്ചു നോക്കണം. ഭാരതത്തിന്റെ തന്നെ എത്ര ചെറിയ സ്ഥാനത്താണ് ദേവതകൾ ഉണ്ടായിരുന്നത്. യമുനാ നദി തീരത്തായിരുന്നു അത്. ഡൽഹി സ്വർഗ്ഗമായിരുന്നു, എന്നാൽ ഇപ്പോൾ ഇതിനെ ശ്മശാനം എന്നേ പറയൂ, ഇവിടെ അകാല മൃത്യുവാണ് നടക്കുന്നത്. അമരലോകത്തെയാണ് പരിസ്താനെന്ന് പറയുന്നത്. അവിടെ വളരെയധികം പ്രകൃതി ഭംഗിയുണ്ടാകും. വാസ്തവത്തിൽ ഭാരതത്തെയാണ് പരിസ്താൻ എന്ന് പറയുന്നത്. ഈ ലക്ഷ്മി നാരായണൻ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു. എത്ര ശോഭയുണ്ടായിരുന്നു. എത്ര സതോപ്രധാനമായിരുന്നു. എത്ര പ്രകൃതി ഭംഗിയുമുണ്ടായിരുന്നു. അവിടെ ആത്മാക്കൾ തിളക്കമുള്ളതായിരിക്കും. കൃഷ്ണന്റെ ജന്മം എങ്ങനെയാണ് ഉണ്ടാകുന്നത് എന്നതും ബാബ കാണിച്ചു കൊടുത്തിട്ടുണ്ട്. ആ സമയത്ത് ആ മുറി മുഴുവനും പ്രകാശമുള്ളതായി കണ്ടു. ഇതെല്ലാം ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ്. ഇപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകുന്നതിനുള്ള പുരുഷാർത്ഥമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. തീർച്ചയായും നമ്പർവാറായിരിക്കും. എല്ലാവരും ഒരു പോലെയാകില്ല. ഇത്രയും ചെറിയ ആത്മാവ് എത്ര വലിയ പാർട്ടാണ് അഭിനയിക്കുന്നത് ഇതും ചിന്തിക്കേണ്ടതാണ്. ശരീരത്തിൽ നിന്ന് ആത്മാവ് വേർപെട്ടാൽ ശരീരത്തിന്റെ അവസ്ഥ എന്തായിരിക്കും! മുഴുവൻ ലോകത്തിലേയും അഭിനേതാക്കൾ തന്റെ അനാദിയായ പാർട്ട് തന്നെയാണ് അഭിനയിച്ചു കൊണ്ടിരിക്കുന്നത്. ഈ സൃഷ്ടിയും അനാദിയാണ്. ഇതിൽ ഓരോരുത്തരുടേയും പാർട്ടും അനാദിയാണ്. ഈ സൃഷ്ടി വൃക്ഷത്തെ കുറിച്ച് എപ്പോഴാണോ നിങ്ങൾ മനസ്സിലാക്കുന്നത് അപ്പോൾ നിങ്ങൾ ഇതിനെ അത്ഭുതകരമാണ് എന്ന് പറയുന്നു. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. ഡ്രാമ അനുസരിച്ച് ആർക്ക് എത്ര സമയം മനസ്സിലാക്കാൻ ആവശ്യമാണോ അത്രയും സമയം അവർ എടുക്കും. ബുദ്ധി വ്യത്യസ്തമാണല്ലോ. മനസ്സും ബുദ്ധിയും അടങ്ങിയതാണല്ലോ ആത്മാവ് അപ്പോൾ തീർച്ചയായും വ്യത്യാസം ഉണ്ടാകും. നമുക്ക് സ്കോളർഷിപ്പ് നേടണം എന്നത് കുട്ടികൾക്കറിയാം. അതിനാൽ നിങ്ങളുടെ മനസ്സിൽ വളരെ സന്തോഷമുണ്ടാകുമല്ലോ. ഇവിടെ ഉള്ളിലേക്ക് വരുമ്പോൾ ലക്ഷ്യത്തെ സമീപത്ത് കാണുമ്പോൾ വളരെ സന്തോഷമുണ്ടാകും. ആ ലക്ഷ്യത്തിൽ എത്തിച്ചേരാൻ പഠിക്കുന്നതിനാണ് ഇവിടെ വരുന്നത് എന്നതും നിങ്ങൾ മനസ്സിലാക്കി. അതറിയുന്നില്ലെങ്കിൽ ഇവിടെ വരില്ല. നിങ്ങൾക്ക് ലക്ഷ്യമുണ്ട്. അടുത്ത ജന്മത്തിൽ എന്തായി മാറുന്നുവോ ആ ലക്ഷ്യത്തെ ഈ ജന്മം തന്നെ കാണിച്ചു തരുന്ന സ്കൂൾ വേറെയൊന്നും ഉണ്ടാകില്ല. നിങ്ങൾ കാണുന്നുണ്ട് അവർ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു, നിങ്ങൾക്കും അതായി തീരണം. നമ്മളിപ്പോൾ സംഗമയുഗത്തിലാണ്. നമ്മൾ ആ രാജധാനിയിലേയുമല്ല, ഈ രാജധാനിയിലേയുമല്ല. നമ്മൾ ഇടയിലാണ്, നമ്മൾ പുതിയ രാജധാനിയിലേക്ക് പോവുകയാണ്. നിരാകാരനായ ബാബ തോണിക്കാരനാണ്. തോണിയായ ആത്മാവും നിരാകാരനാണ്. ആത്മാവാകുന്ന തോണിയെ ആകർഷിച്ച് പരംധാമത്തിലേക്ക് കൊണ്ടു പോകും. നിരാകാരനായ ബാബ നിരാകാരരായ കുട്ടികളെ കൂട്ടിക്കൊണ്ടു പോകും. അച്ഛനാണല്ലോ കുട്ടികളെ കൂടെ കൂട്ടി കൊണ്ടു പോവുക. ഈ ചക്രം പൂർത്തിയായാലും ഇത് വീണ്ടും ആവർത്തിക്കും. ഒരു ശരീരം ഉപേക്ഷിച്ച് അടുത്ത ശരീരം എടുക്കണം. ചെറിയ കുട്ടിയായി ജനിച്ച് വീണ്ടും വലുതാകും. ഏതു പോലെയാണോ മാവിന്റെ വിത്ത് ഭൂമിയിൽ വിതക്കുന്നതിലൂടെ അതിൽ നിന്നും വീണ്ടും മാമ്പഴം കിട്ടുന്നത്. അതെല്ലാം പരിധിയുള്ള വൃക്ഷമാണ്. ഇത് മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷമാണ്, ഇതിനെ വ്യത്യസ്തമായ വൃക്ഷം എന്നാണ് പറയുക. സത്യയുഗത്തിൽ നിന്ന് ആരംഭിച്ച് കലിയുഗം വരെയുള്ള പാർട്ട് അഭിനയിക്കണം. അവിനാശിയായ ആത്മാവ് 84 ജന്മങ്ങളുടെ ചക്രത്തിലൂടെയാണ് കളിക്കുന്നത്. ലക്ഷ്മി നാരായണന് ഉണ്ടായിരുന്നു എന്നാൽ ഇന്നില്ല. ചക്രം കറങ്ങി വീണ്ടും അതായി തീരും. നിങ്ങൾക്കറിയാം ആരാണോ ആദ്യ ജന്മത്തിൽ ലക്ഷ്മി നാരായണനായി ജീവിച്ചത് അവർ തന്നെയാണ് അന്തിമ ജന്മത്തിൽ ബ്രഹ്മാവും സരസ്വതിയുമായി മാറിയിരിക്കുന്നത്. ഇപ്പോൾ എല്ലാവർക്കും തിരിച്ച് വീട്ടിലേക്ക് പോകണം. സ്വർഗ്ഗത്തിലാണെങ്കിൽ ഇത്രയും മനുഷ്യർ ഉണ്ടായിരുന്നില്ല. ഇസ്ലാം, ബുദ്ധ മതക്കാർ........ ദേവി ദേവതകളല്ലാതെ വേറെ ഒരു ധർമ്മത്തിലെ അഭിനേതാക്കളും ആദ്യം ഉണ്ടായിരുന്നില്ല. ഈ തിരിച്ചറിവും ആർക്കും ഇല്ല. വിവേകശാലികൾക്ക് തീർച്ചയായും പദവി കിട്ടുമല്ലോ. ആര് എത്രത്തോളം പഠിക്കുന്നോ നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച് പദവി പ്രാപ്തമാക്കും. അതിനാൽ നിങ്ങൾ കുട്ടികൾക്ക് ഇവിടെ വന്ന് ഈ ലക്ഷ്യം കാണുമ്പോൾ സന്തോഷമുണ്ടാകണം. അളവില്ലാത്ത സന്തോഷത്തിലിരിക്കണം. പാഠശാല അഥവാ സ്കൂളാണെങ്കിൽ

ഇത് പോലെയായിരിക്കണം. എത്ര ഗുപ്തമാണ് എന്നാൽ ശക്തിശാലിയായ പാഠശാലയാണ്. എത്ര ഉയർന്ന പഠിപ്പാണോ അത്രയും ഉയർന്നതായിരിക്കും കോളേജും. സത്യയുഗത്തിൽ നിങ്ങൾക്ക് എല്ലാ സൗകര്യങ്ങളും കിട്ടും. ആത്മാവിന് പഠിക്കുക തന്നെ വേണം അതിനനുസരിച്ച് സ്വർണ്ണത്തിന്റെ സിംഹാസനത്തിലുമിരിക്കാം, മരത്തിന്റെ സിംഹാസനത്തിലുമിരിക്കാം. നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം എന്തുകൊണ്ടെന്നാൽ നിങ്ങൾ കേൾക്കുന്നത് ശിവഭഗവാനുവാചയാണ്. ആദ്യ നമ്പറിലേക്ക് വരുന്നത് ശ്രീകൃഷ്ണനാകുന്ന വിശ്വത്തിന്റെ രാജകുമാരനായിരിക്കും. ഇതെല്ലാം നിങ്ങൾ കുട്ടികൾ ഇപ്പോഴാണ് മനസ്സിലാക്കിയത്. കല്പ കല്പം ബാബ വന്നിട്ടാണ് ഇതെല്ലാം മനസ്സിലാക്കി തരുന്നത്. കല്പകല്പം ബാബ വന്നിട്ടാണ് ബാബ തന്റെ പരിചയം നമുക്ക് തരുന്നത്. ഞാൻ ബ്രഹ്മാ ശരീരത്തിലേക്ക് പ്രവേശിച്ച് നിങ്ങൾ കുട്ടികളെ പഠിപ്പിക്കുകയാണ് ഇതും മനസ്സിലാക്കി തന്നു. ദേവതകൾക്ക് പോലും ഈ ജ്ഞാനം ഇല്ല. ജ്ഞാനത്തിലൂടെയാണ് ദേവതകളാകുന്നത് പിന്നീട് ഈ പഠിപ്പിന്റെ ആവശ്യമില്ല, ഇതെല്ലാം മനസ്സിലാക്കി കൊടുക്കുന്നതിന് വളരെ വിശാല ബുദ്ധിയുണ്ടായിരിക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) ഈ പതിത ലോകത്തെ ബുദ്ധിയിൽ നിന്ന് സന്യാസം ചെയ്ത് പഴയ ദേഹത്തേയും ദേഹത്തിന്റെ സംബന്ധങ്ങളേയും മറന്ന് തന്റെ ബുദ്ധിയെ ബാബയിലേക്കും സ്വർഗ്ഗത്തിലേക്കും കൊണ്ടു പോകണം.

2) അവിനാശിയായ വിശ്രമത്തെ അനുഭവിക്കുന്നതിന് വേണ്ടി ബാബയേയും സമ്പത്തിനേയും സ്മൃതിയിൽ വെക്കണം. സർവ്വർക്കും ബാബയുടെ സന്ദേശം കൊടുത്ത് റിഫ്രെഷ് ആക്കണം. ആത്മീയ സേവനത്തിൽ മടി ഉണ്ടാകരുത്.

## വരദാനം - സംഘടനയിൽ ഏകമതവും ഏകരസവും ആയ സ്ഥിതിയിലൂടെ സഫലത പ്രാപ്തമാക്കുന്ന സത്യമായ സ്നേഹിയായി ഭവിക്കട്ടെ.

സംഘടനയിൽ ഒരാൾ പറഞ്ഞു മറ്റുള്ളവർ അനുസരിച്ചു - ഇതാണ് സത്യമായ സ്നേഹത്തിന്റെ പ്രതികരണം. ഇപ്രകാരം സ്നേഹീ കുട്ടികളെ ഉദാഹരണമായി കണ്ട് മറ്റുള്ളവരും സമ്പർക്കത്തിൽ വരുന്നതിന് ധൈര്യം വയ്ക്കുന്നു. സംഘടനയും സേവനത്തിന്റെ സാധനമായി മാറുന്നു. ഇവരുടെ ഐക്യം നല്ലതാണെന്ന് മായ കാണുന്നിടത്ത് ഉപരോധമുണ്ടാകുന്നു, പിന്നീട് അവിടെ വരാൻ മായ ധൈര്യപ്പെടുന്നില്ല. ഏകമതവും ഏകരസവുമായ സ്ഥിതിയുടെ സംസ്ക്കാരം തന്നെയാണ് സത്യയുഗത്തിൽ ഒരു രാജ്യത്തിന്റെ സ്ഥാപന ചെയ്യുന്നത്.

## സ്ലോഗൻ - കർമ്മവും യോഗവും ബാലൻസ് ചെയ്യുന്നവർ തന്നെയാണ് സഫല യോഗികൾ

### സംഗമയുഗത്തിലെ സർവ തീവ്ര പുരുഷാർത്ഥീ സഹോദരീ സഹോദരന്മാർക്കും പുതു യുഗത്തോടൊപ്പം പുതു വർഷത്തിന്റേയും ആശംസകൾ

പുതിയ വർഷത്തിന്റെ ആദ്യമാസമായ ജനുവരി മാസം മധുരമായ സാകാര ബാബയുടെ. സ്മൃതി മാസം കൂടെയാണ്. നമ്മൾ ബാബയുടെ കുട്ടികളെല്ലാം അവ്യക്ത വതനത്തിന്റെ സൂക്ഷ്മ ലീലകളുടെ അനുഭവം ചെയ്യുന്നതിനും, സ്വയം ബ്രഹ്മാബാബയ്ക്ക് സമാനം സമ്പന്നവും സമ്പൂർണവും ആകുന്നതിനായി, മുഴുവൻ മാസവും തന്റെ ബന്ധനമുക്ത ജീവന്മുക്ത സ്ഥിതി ഉണ്ടാക്കുന്നതിനായി മനസും, മുഖവും മൗനമാക്കി വെയ്ക്കൂ. ബുദ്ധി ബലത്തിലൂടെ അവ്യക്ത വതന യാത്ര ചെയ്യൂ, ഈ ലക്ഷ്യം വെച്ച് ഈ മാസത്തെ അവ്യക്ത സൂചന നൽകുന്നു.

### അവ്യക്ത സൂചന - ഈ അവ്യക്ത മാസം ബന്ധനമുക്തരായി ജീവന്മുക്ത സ്ഥിതിയുടെ അനുഭവം ചെയ്യൂ.

ബാപ്ദാദ അഗ്രഹിക്കുന്നു - എന്റെ ഓരോ കുട്ടിയും മുക്തി-ജീവന്മുക്തിയുടെ സമ്പത്തിന്റെ അധികാരിയായി മാറും. ഇപ്പോഴത്തെ അഭ്യാസം സത്യയുഗത്തിലെ സ്വാഭാവിക ജീവിതമാകും എന്നാൽ സമ്പത്തിന്റെ അധികാരം ഇപ്പോൾ സംഗമയുഗത്തിലാണ് അതിനാൽ ഏതെങ്കിലും ബന്ധനം വലിക്കുന്നുണ്ടെങ്കിൽ കാരണം മനസിലാക്ക നിവാരണം ചെയ്യൂ.